# സ്ഫടികം



ജി വി എച്ച് എസ് എസ്

# സ്ഫടികം

2023-2024

## ജി. വി. എച്ച്. എസ്. എസ് വക്കം





പ്രധാന അധ്യാപിക : ബിന്ദു . സി. എസ്

എഡിറ്റേഴ്സ് : അനന്ത കൃഷ്ണൻ, ഹാദിയ സജീവ്

ഡിസൈനർ: അൽനൗഫിയ. എൻ

സബ്ബ്എഡിറ്റേഴ്സ്: ആദിത്യാ അംഗിറ്റ് ജൂഡ് , അസ്മിൽ അൽ ഖൈസ്,

തരുൺജിത്ത്

വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദിനം പ്രതിയുള്ള

വികസനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കുന്ന ഒരു വേദിയാണ് LITTLE KITES .

വക്കം ഗവൺമെന്റ് ഹൈസ്കൂളിലെ LITTLE KITES അംഗങ്ങളുടെ കൂട്ടായ്മയിൽ വാർത്തെടുത്ത സ്ഫടികം എന്ന മാഗസിൻ നിറഞ്ഞ സ്നേഹത്തോടെ നിങ്ങൾക്കായ്

സമർപ്പിക്കുന്നു...

G H S S VAKKOM

# ഉള്ളടക്കം


| | | |
|---|---|---|
| 1 | സ്വപ്നം | 1 |
| 2 | സ്നേഹബന്ധം | 2 |
| 3 | മുയലും ആമയും | 3 |
| 4 | പെണ്ണ് | 4 |
| 5 | അമ്മുവിന്റെ കുഞ്ഞിക്കിളി | 5-6 |
| 6 | ഓണത്തെപ്പറ്റി അറിയാം | 7-8 |
| 7 | പ്രകൃതി | 9 |
| 8 | The King with one Leg and One Eye | 10 |
| 9 | Plastic good or bad | 11-12 |
| 10 | My flowers | 13 |
| 11 | മണ്ണപ്പം | 14 |
| 12 | ആർദ്രം | 15 |
| 13 | കാർമേഘം | 16 |
| 14 | ഓർമ്മ വിദ്യാലയം | 17 |
| 15 | എന്റെ കേരളം | 18 |
| 16 | The candle | 19 |
| 17 | जुगुनु नाना | 20 |


G H S S VAKKOM

LITTLE KITES 2022-25 BATCH -ലെ

വിദ്യാർഥികൾ , 'സ്ഫടികം' എന്ന പേരിൽ

തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് എല്ലാവിധ

ആശംസകളും നേരുന്നു.

ഹെഡ്മിസ്ട്രസ്

ബിന്ദു സി എസ്




G H S S VAKKOM



# സ്വപ്നം

സ്വപ്നങ്ങളുടെ ഭാണ്ഡക്കെട്ടഴിച്ചപ്പോൾ
,എനിക്കൊരു പൊൻതൂവൽ കൈയ്യിലുടക്കി
എന്നോ നെയ്ത്ത് കൂട്ടിയ സ്വപ്നം
ഇന്നുമൊരു പൊൻതൂവലായി
പ്രഭ ചൊരിയാതെ നിലകൊള്ളുന്നു.
സ്വപ്നമേ! നിന്നെയാരും കാണാതെ
ആ ഭാണ്ഡക്കെട്ടിനുള്ളിൽ വീണ്ടുമൊളിച്ചോട്ടേ?
ഇനിയുമതേ പ്രൗഢിയിൽ നിലനിൽകാൻ

***-അസ്മിൽ അൽ ഖയിസ്***



# സ്നേഹബന്ധം

ഒരു ഗ്രാമത്തിൽ ഒരു അച്ഛനും അമ്മയും മകളും ഉണ്ടായിരുന്നു. അച്ഛന്റെ ജോലി കൃഷിയും അമ്മയുടെ ജോലി അച്ഛനെ സഹായിക്കുകയും, പിന്നെ വീട്ടിലെ ജോലികളും ചെയ്യുമായിരുന്നു. മകൾ അഞ്ചിൽ പഠിക്കുന്നു. അപ്പോൾ ഒരു ദിവസം അച്ഛന് വയ്യാതെ കിടപ്പിലായി. വീട്ടിലെയും കൃഷിയുടേയും കാര്യങ്ങളാകെ തകിടം മറിഞ്ഞു. നെല്ല് ഉണങ്ങി വരണ്ട് നശിച്ചു പോയി. അച്ഛന്റെ മനസ്സ് വീട്ടിലേയും കൃഷിയിടത്തേയും കാര്യം ആലോചിച്ച് വളരെ അധികം വിഷമിച്ചു. ആ സമയത്ത് മകൾ അച്ഛന്റെയടുത്ത് പറഞ്ഞു. അച്ഛാ എനിക്ക് വിശക്കുന്നു ഇന്നലെ ഉച്ചയ്ക്ക് കഴിച്ചതേയുള്ളൂ. മോളെ എന്റെ അവസ്ഥ അറിയില്ലേ , അച്ഛനെ കൊണ്ട് ഒന്നും പറ്റില്ല അതുകൊണ്ട് അല്ലേ മോളെ. മോള് പോയി അപ്പുറത്തെ വീട്ടിൽ ഒന്നു ചോദിച്ച് നോക്ക് ചിലപ്പോൾ ഭക്ഷണം തന്നാലോ! ശരി ഞാൻ പോയി ചോദിച്ചിട്ട് വരാം. ശരി മോളേ. ആന്റീ... ആന്റീ... ഇവിടെ ആരുമില്ലേ? ആരാ? എന്താ ഇവിടെ വന്നത്? ഈ വീട്ടിൽ വരാൻ എങ്ങനെ ധൈര്യം വന്നു? സോറി ആന്റീ ഇനി ഞാൻ വരില്ല എനിക്ക് കുറച്ചു ആഹാരം തരുമോ? ഇല്ല! നിനക്ക് പച്ച വെള്ളം പോലും തരില്ല. ആന്റി പട്ടിക്ക് കൊടുക്കാനുള്ള ഭക്ഷണമെങ്കിലും തരാമോ പ്ലീസ് വിശന്നിട്ടാ. ഇല്ലാ പട്ടിക്ക് കൊടുക്കാനുള്ള ഭക്ഷണം പോലും തരില്ല, എന്റെ വീട്ടുമുറ്റത്ത് നിന്ന് ഇറങ്ങി പോകൂ. ശരി ആന്റി. എന്താ മോളെ കരയുന്നത്. അത് എനിക്ക് പച്ചവെള്ളം പോലും തരില്ല എന്നു പറഞ്ഞു. പോട്ടെ മോളെ നമ്മളെ രക്ഷിക്കാൻ ദൈവം കാണും. അപ്പോൾ പെട്ടന്ന് ഒരാൾ വാതിലിൽ തട്ടുന്നു. ആരാ വന്നത് എന്ന് പോയി നോക്കട്ടെ മോളേ. ആരാ! ഞാൻ ജോസഫ്, നിങ്ങളുടെ മകൾ അപ്പുറത്തെ വീട്ടിൽ പോയി ഭക്ഷണം ചോദിച്ചത് കണ്ട് എനിക്ക് മനസ്സിൽ നിങ്ങളെ ഒന്ന് സഹായിക്കണം എന്ന് തോന്നി. നിങ്ങൾക്ക് വേണ്ട ഭക്ഷണം ഞാൻ കൊണ്ടു വന്നിട്ടുണ്ട്. നന്ദി, ഞങ്ങളെ സഹായിച്ച ജോസഫിന് നല്ലതു വരട്ടെ. അതു ഒന്നും വേണ്ട എനിക്ക് നിങ്ങളെ സഹായിച്ചപ്പോൾ മനസ്സ് നിറഞ്ഞു. പോകുന്നോ? ഞാൻ വെള്ളമെടുക്കാം. വേണ്ട അമ്മേ ഞാൻ പോയിട്ട് പിന്നെ വരാം. ശരി ജോസഫ്. ആരാ അമ്മേ വന്നത്? ഒരു ജോസഫ്, നമ്മുടെ മകൾ അപ്പുറത്തെ വീട്ടിൽ പോയി ഭക്ഷണം ചോദിച്ചത് അയാൾ കണ്ടു. അപ്പോൾ നമുക്ക് വേണ്ട ഭക്ഷണം കൊണ്ടുവന്നു അതാണ് എന്റെ കൈയിൽ ഇരിക്കുന്നത്.

നല്ലആൾ അല്ലേ അച്ഛാ. മ്മ് അതെ നല്ല മനുഷ്യൻ. വാ കഴിക്കാം, ഹായ് നല്ല അപ്പവും മുട്ടക്കറിയും പിന്നെ ജ്യൂസും. മ്മ് നല്ല അടിപൊളി ആഹാരം അല്ലേ? അതേ. ഇതാരാ വന്നത് പോയി നോക്കട്ടെ. ആ! ഇതാരാ ജോസഫോ. നിങ്ങൾ മൂന്ന് പേരും എന്റെ കൂടെ വരു. അച്ഛന് വരാൻ പറ്റില്ല. ഞാൻ പിടിച്ചു നടത്തി കൊണ്ടുവരാം. ശരി എന്നാ വാ നടക്ക്. ഹായ് നല്ല വീടും പരിസരവും ഒരുപാട് ഇഷ്ടപ്പെട്ടു ഇതാർക്കാ. ഇത് നിങ്ങൾക്കു വേണ്ടിയുള്ളതാണ്. ഞങ്ങൾക്കോ! മ്മ് അതെ. നന്ദി മാമാ. നന്ദി ഒന്നുംവേണ്ട മോളെ. ഈ വീട്ടിൽ എത്ര മുറികളുണ്ട്? അഞ്ച് മുറികളുണ്ട്. രണ്ട് നില വീട്. എല്ലാ മുറികളിലും ബാത്റൂം ഉണ്ട്, ഫാൻ, ലൈറ്റ്, അലമാര, കണ്ണാടി, എല്ലാം ഉണ്ട്. നിങ്ങൾക്ക് മൂന്നുപേർക്കും ഉടുപ്പ് വാങ്ങി, ഇവിടെ ടീവിയും ഫ്രിഡ്ജും ഉണ്ട്. ആണോ മാമാ! നന്ദി. ശരി മാമൻ പോകുന്നു കേട്ടോ. മ്മ് ശരി റ്റാറ്റാ...റ്റാറ്റാ... ആരോ വന്നു മോളേ. പോയി നോക്കിയേ. ശരി അമ്മേ. ആന്റി എന്താ ഇവിടെ ഉടുപ്പൊക്കെ ആയിട്ട്. എന്റെ വീട് ആരോ തീയിട്ട് കത്തിച്ചു. എനിക്ക് ഇപ്പോൾ വീടും ഇല്ല ആരും ഇല്ല. ഞാൻ കുറച്ചു ഉടുപ്പും എടുത്ത് പെട്ടന്ന് വെളിയിൽ ഇറങ്ങി. മറ്റുള്ളവർ മരിച്ചു പോയി. ആണോ ആന്റി കരയാതെ. എനിക്ക് വിശക്കുന്നു മോളെ. ആണോ ആന്റി. അകത്തേക്ക് വാ ഞാൻ ഭക്ഷണം തരാം. നിങ്ങൾ എന്താ ഇവിടെ? അമ്മ ചോദിച്ചു. കുട്ടി അറിഞ്ഞ കാര്യങ്ങൾ എല്ലാം അമ്മയോട് പറഞ്ഞു. അതാണോ കാര്യം. വിഷമിക്കാതെ. ഞാൻ ഭക്ഷണം എടുത്ത് വെക്കാം. നിങ്ങൾ നല്ല മനസുള്ളവരാണ്, ഈ മോൾ എന്റടുത്തു ഭക്ഷണം ചോദിച്ചിട്ട് ഞാൻ കൊടുത്തില്ല എന്റെ വീട്ടു മുറ്റത്തു പോലും നിർത്തിയില്ല, മാപ്പ്. ഈ സഹായത്തിനു നന്ദി. അതൊന്നും വേണ്ട. നമ്മൾ ഇനി ഒരു കുടുംബം ആണ്. അങ്ങനെ അവർ സന്തോഷമായി ജീവിച്ചു.



**ANAKHA BINU 6 A**

# മുയലും ആമയും

ഒരു ദിവസം ഒരു മുയലും ആമയും ഉണ്ടായിരുന്നു. അവർ ഒറ്റചങ്ങാതിമാർ ആയിരുന്നു. അവർ എപ്പോഴും ഒന്നിച്ചായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം മുയൽ ഒരുയിടത്തെയ്ക്കുപോയി. ആ തക്കം നോക്കി ഒരു കുറുക്കൻ അവരുടെ വീട്ടിൽ എത്തി. അവിടെ ആമ ഒറ്റയ്ക്കായിരുന്നു. കുറുക്കൻ ആമയെ ഒരു സഞ്ചിയിൽ പിടിച്ചിട്ടു ആമ സഞ്ചിയിൽ കിടന്ന് നിലവിളിച്ചു. ആമയെയും കൊണ്ട് കുറുക്കൻ കാട്ടിലെ വഴിയിലെത്തി. അപ്പോൾ വീട്ടിലേയ്ക്ക് പോകാൻ തുടങ്ങിയ മുയൽ ആമയുടെ ശബ്ദം കേട്ടു. മുയൽ പറഞ്ഞു. ഇത് എന്റെ ചങ്ങാതിയുട ശബ്ദമല്ലേ ,എവിടെ നിന്നാണ് കേൾക്കുന്നത്? മുയൽ മുന്നോട്ട് നടന്നു. അപ്പോഴാണ് കുറുക്കൻ ആ വഴിവരുന്നത് കണ്ടത്. മുയൽ ആലോചിച്ചു. ഇവൻ വീട്ടിന്റെ അരികിൽ നിന്നാണല്ലോ വരുന്നത് ഇവൻ ആമയെപ്പിടിച്ച് സഞ്ചിയിൽ ഇട്ടിയിരുക്കായാണ്. അതു കൊണ്ടാണ് എങ്ങനെ എൻകിലും ആമയെ രക്ഷിക്കണം. ആ ഒരു ഉപായം ഉണ്ട്. മുയൽ കുറുക്കൻ വരുന്നവഴിയിൽ എത്തി എന്നിട്ട് മരിച്ചതുപോലെ കിടന്നു. കുറച്ച് കഴി ഞ്ഞ് വന്ന കുറുക്കൻ മുയലിനെ കണ്ടു. കുറുക്കൻ പറഞ്ഞു. ഇത് ഒരുചത്ത മുയൽ അല്ലെ. കുറുക്കൻ ആലോചിച്ചു ആദ്യം ഈ ആമയെ കൊണ്ട് ഗുഹയിൽ വച്ചിട്ട് വരാം എന്ന് കുറുക്കൻ അങ്ങനെ ഗുഹയിൽ എന്നിട്ട് ആമയെ അവിടെ വച്ചു. എന്നിട്ട് കുറുക്കൻ ഗുഹയിൽ നിന്നും പോയി അപ്പോഴേക്കും മുയൽ ഓടിയെത്തി ആമയെ രക്ഷിച്ചു. കുറുക്കൻ അവിടെ എത്തിയപ്പോൾ മുയലിനെ കാണുന്നില്ല. മുയൽ എവിടെ എന്ന് അവൻ നോക്കി അപ്പോൾ മുയൽ അവിടെ എവിടെയുംഇല്ലായിരുന്നു. കുറുക്കൻ തിരിച്ച് ഗുഹയിൽ എത്തി അപ്പോൾ അവിടെയുണ്ടായിരുന്ന സഞ്ചിയിൽ തലയിട്ടു അപ്പോൾ ആ സഞ്ചി നിറയെ കട്ടുറുമ്പ് ആയിരുന്നു.



കട്ടുറുമ്പ് കുറുക്കനെ കടിച്ചു കുറുക്കൻ നിലവിളിച്ചോടി. അവർ രണ്ടുപേരും ആ സഞ്ചിയിൽ കട്ടുറുമ്പി നെ കൊണ്ടു വച്ചു.അതുകൊണ്ട് കുറു ക്കന് നല്ല ഒരു പാഠാവും പഠിച്ചു. പിന്നെ അവർ രണ്ടുപേരും സന്തോഷമായി ജീവിച്ചു.



**കാർത്തിക 6 A**

# പെണ്ണ്



പിറന്നുവീഴുമ്പോഴേ പിന്നോട്ട്നയിക്കുന്ന
പെണ്ണെന്ന പഴിയേറ്റ് പതിവായി കരയുമ്പോഴേ
പാരിൽ പതിയുന്ന അശ്രുമേൽ പിന്നെയും
പിന്നെയും പതിക്കുന്നു പതിവിതാണെന്നപോൽ
പലതും സഹിച്ചതും സഹനമായി ജീവിതം
സ്വന്തമാണെന്നോർത്ത് സ്വയമേ പഴിക്കുമ്പോൾ
കനമായ കടമലിന്റെ അലകളിൽ നീയുമായി
നാടിന്റെ കണ്ണിൽ നീ
പെണ്ണെന്ന വാക്കിലായി

വലയുമായി കാക്കുമീ കഴുകന്റെ കണ്ണിലേ
കാമപ്രതീക്ഷയിൽ തളരുന്ന ജന്മങ്ങൾ
കരുത്തായി ജീവിതചക്രം വലിക്കുമ്പോൾ
ഇരയാകുമോ എന്ന ഭയത്തോൽ പൂവട്ടുകൾ
പിന്നെയും, പിന്നെയും പലകാൽ കടക്കയോൽ
യവ്വനവഴികളിൽ  ജീവിത മാറുമ്പോൾ

മാതാ പിതാവിന്റെ ബാദ്ധ്യതായി നീ
ഏതോ വീടിന്റെ കണ്ണിയിൽ ഒന്നായി
നിൻ ജീവിതനാളിൽ വീണ്ടുമൊരദ്ധ്യായം
കാലം കഴിയുമ്പോൾ നിന്നുദരത്തിലെ
ജീവന്റെ ജീവനിൽ നിൻപാതിജീവിതം
കാലം കഴിയവേ മാതൃത്വകണ്ണിയിൽ
നിൻ പേരമൊന്നായി നീയുമതറിയവേ
ആനന്ദലഹരിയിൽ കാലം കഴിയവേ
പതിവായി പലപിട്ടുകൾ ജീവിതം
ഓരോ ഇതളായി കൊഴിഞ്ഞുവീഴുമ്പോൾ

വാർദ്ധക്യ പൂഴിയിൽ
നീയും കടക്കവേ
തീന്നതിൻ കണ്ണുകൾ നിന്നിൽ പതിഞ്ഞിതാ
മരണ്ണത്തിൻ കണ്ണുകൾ നിന്നെ വിഴുങ്ങിയും

അവിടെ നിലച്ചുതോ നിൻ ജീവ സ്വപ്നങ്ങൾ
സ്വപ്നങ്ങൾ സ്വപ്നമായി കാലം മായ്ച്ചൊരു
പെണ്ണിൻ സ്വപ്നത്തിൻ കഥയായി നീയുമേ...



സന. എസ്  IX B

# അമ്മുവിന്റെ കുഞ്ഞിക്കിളി 5

ഒരു ദിവസം അമ്മുവും അവളുടെ അമ്മയും പാടവരമ്പിലൂടെ നടന്നുപോവുകയായിരുന്നു. വരമ്പിന്റെ അരികിൽ നിന്നും ഒരു കുഞ്ഞിക്കിളിയുടെ കരച്ചിൽ കേട്ടു. അമ്മു നോക്കിയപ്പോൾ അവിടെ ഒരു കുഞ്ഞ് കിളി പറക്കാൻ പറ്റാതെ കിടക്കുന്നു. അതിന്റെ അമ്മക്കിളി അങ്ങോട്ടുമിങ്ങോട്ടും പറന്ന് നടക്കുന്നുമുണ്ട്. അമ്മു അവളുടെ അമ്മയോട് പറഞ്ഞു നമുക്ക് ഇതിനെ വീട്ടിൽ കൊണ്ട് പോയാലോ? അമ്മ പറഞ്ഞു വേണ്ട വീട്ടിൽ ഒരു കുറുമ്പിപ്പൂച്ചയുണ്ട്. അവൾ ഇതിനെ പിടിക്കും. അമ്മുവിന് വലിയ്യ വെഷമമായി .

അമ്മു പറഞ്ഞു കുഞ്ഞിക്കിളി ഇവിടെക്കിടന്നാൽ പരന്തോ, കാക്കയോ കൊത്തില്ലേ?നമ്മുടെ വീട്ടിൽ ഒരു പഴയ കൂടില്ലേ അതിലിടാം കുഞ്ഞിക്കിളിയെ?പറക്കാൻ കഴിയുമ്പോൾ നമുക്ക് ഇവിടെ കൊണ്ട് വന്ന് വിടാം. അമ്മുവിന്റെ വിഷമം കണ്ടപ്പോൾ അമ്മ സമ്മതിച്ചു. അങ്ങനെ അവർ കുഞ്ഞിക്കിളിയേയും കൂട്ടി വീട്ടിലേക്ക് പോയി. കുറുമ്പിപ്പൂച്ചയ്ക്ക് കുഞ്ഞിക്കിളിയേ കണ്ടപ്പോൾ വളരെ കൗതുകം തോനി കൂട്ടിനു ചുറ്റിം കറങ്ങിനടക്കുന്നുണ്ടായിരുന്നു.
അമ്മു അന്നേരം ആ അമ്മകിളിയുടെ വെഷമം ഓർത്ത് അമ്മയോട് പറഞ്ഞ്. അമ്മ പറഞ്ഞു അതേ

കുറച്ച് ദിവസങ്ങൾ കഴിഞ്ഞപ്പോൾ കുങ്ങിക്കിളി പതുക്കെ പറക്കാൻ തുടങ്ങി. ഇനി നമുക്ക് കിളിയെ പറത്തിവിട്ടാലോ? വേണ്ട അമ്മു കരഞ്ഞു.
കുഞ്ഞിക്കിളിയെ ക്കാണാതെ അമ്മക്കിളിവിഷമിക്കില്ലേ.

നമുക്ക് അതിനെ അമ്മക്കിളിയുടെ അടുത്തുകൊണ്ടു വിടാം അമ്മുസമ്മതിച്ചു അവിടെ എത്തിയപ്പോൾ കുഞ്ഞിക്കിളി കൈയ്യിൽനിന്ന് പോകുന്നില്ല. കുറച്ചുനേരം കഴിഞ്ഞപ്പോൾ അമ്മക്കിളി വരുന്നത് കണ്ട് കുഞ്ഞിക്കിളി തന്റെ കുഞ്ഞിച്ചിറകുകൾ വിടർത്തി പറന്നുപോകാൻ തുടങ്ങി അതുനോക്കി നിന്നുകൊണ്ട് അമ്മുപറഞ്ഞു കുഞ്ഞിക്കിളീ നീ പോയാലും എന്നും നീ എന്റേതായിരിക്കും.

# ഓണത്തെ പറ്റി അറിയാം

**കേരളത്തിൽ** ആഘോഷിക്കപ്പെടുന്ന ഏറ്റവും വലിയ ഉൽസവങ്ങളിൽ ഒന്നാണ് **ഓണം.** ഇത് വിളവെടുപ്പിന്റെ ഉത്സവം കൂടിയാണ്. ഈ വാർഷിക ഗ്രിഗോറിയൻ കലണ്ടറിൽ ഓഗസ്റ്റ് - സെപ്റ്റംബർ മാസങ്ങളിലും മലയാളം കലണ്ടറിൽ ചിങ്ങ മാസത്തിലുമാണ് വരുന്നത്. ഭഗവാൻ ശ്രീ മഹാവിഷ്ണുവിന്റെ പിറന്നാൾ ആണ് ചിങ്ങമാസത്തിലെ തിരുവേണം നാൾ. ഇതേ സമയത്ത് മഹാബലിയുടെ ഭരണത്തിന്റെ ഓർമ്മക്കൂടിയാണ് ഈ ആഘോഷം കൊണ്ടാടുന്നത് എന്ന് കരുതിപ്പോരുന്നു. ലോകത്തിന്റെ നാനാഭാഗത്തുമുള്ള മലയാളികൾ ജാതിമത ഭേദമന്യേ ഈ ഉത്സവം ആഘോഷിക്കുന്നു. കേരളത്തിൽ ഓണം തമിഴ്നാട്ടിൽ നിന്നും സംക്രമിച്ചതാണെന്നാണ് വിദഗ്ധമതം. ഏ.ഡി. 8 വരെ ദ്രാവിഡ ദേശം പലനിലയിൽ സമാനവും ആയിരുന്നു. ഒരു സ്മരണയുടെ പ്രതീകമായിട്ടാണ് ഈ ഉത്സവം തുടക്കം കുറിച്ചത്. മഹാബലി സ്മരണയാണ് അത്.



ഓണപ്പൂക്കളം .....

വാമനവിജയത്തെ അടിസ്ഥാനമാക്കി അത് ക്ഷേത്രോത്സവമായിട്ടായിരുന്നു തുടങ്ങിയതെങ്കിലും പിന്നീട് അത് ഗാർഹികോത്സവമായി മാറി. കർക്കടക സംക്രാന്തിയിലെ (മിഥുനാന്ത്യം) കലിയനുവെക്കൽ മുതൽ കന്നിയിലെ ആയില്യമകംവഴി ഇരുപത്തെട്ടാമോണംവരെ അതു നീളുന്നു. മഹാബലിയെ വാമനൻ പാതാളത്തിലേയ്ക്ക് ചവിട്ടിത്താഴ്ത്തി എന്ന ഒരു കഥക്ക്പ്രചാരമുണ്ട്. പക്ഷെ ചവിട്ടി താഴ്ത്തിയ ഒരു കഥ എവിടെയും പറയുന്നില്ല. ഭാഗവത പുരാണത്തിലാണ് ബലിയുടെ കഥയുള്ളത്. അതിൽ സുതലത്തിലേക്ക് പറഞ്ഞയക്കുകയും, അവിടെ മഹാവിഷ്ണു അദ്ദേഹത്തിൻ്റെ ദ്വാരപാലകനായി നിന്നു എന്നുമാണ് കഥ.



സംഘകാലകൃതിയായ 'മധുരൈകാഞ്ചി 'യിലാണ് ഓണത്തെക്കുറിച്ചുള്ള ആദ്യപരാമർശങ്ങൾ കാണുന്നത്. തിരുമാൾ (മഹാവിഷ്ണു)വിന്റെ ജന്മദിനമായിട്ടാണ് ഓണം ആഘോഷിക്കുന്നതെന്ന് മധുരൈകാഞ്ചി 590 മുതലുള്ള അടികളിൽ പറയുന്നു. പിന്നീട് കാർഷികവും വാണിജ്യവുമായി അതു മാറി. ഹൈന്ദവ വിശ്വാസപ്രകാരം ഭഗവാൻ മഹാവിഷ്ണുവിന്റെ തിരുനാളാണ് തിരുവോണം. ഇന്നും വൈഷ്ണവ ക്ഷേത്രങ്ങളിൽ ഈ ദിവസം പ്രധാനമാണ്. കർക്കടകമാസത്തിന് ശേഷം മാനം തെളിയുന്ന ഈ

കാലത്താണ് വിദേശകപ്പലുകൾ പണ്ട് സുഗന്ധദ്രവ്യ വ്യാപാരത്തിനായി കേരളത്തിൽ കൂടുതലായി അടുത്തിരുന്നത്.
അങ്ങനെ സ്വർണ്ണം കൊണ്ടുവരുന്ന ഈ മാസത്തെ പൊന്നിൻ ചിങ്ങമാസമെന്നും ഓണത്തെ പൊന്നോണമെന്നും വിളിക്കാനുള്ള കാരണമതാണ്. കേരളത്തിൽ വിളവെടുപ്പിനേക്കാൾ അതിന്റെ വ്യാപാരത്തിനായിരുന്ന പ്രാധാന്യം. കുട്ടികൾക്ക് ഏറ്റവും പ്രിയപ്പെട്ട ഒരു ആഘോഷമാണ് ഓണം. അതുകൊണ്ട് തന്നെ ഓണമായി ബന്ധപ്പെട്ട് ഒരുപാടു കളികളും ഉണ്ട്. ഇതുകൊണ്ടാണ് ഓണം കേരളത്തിലെ വലിയ ഒരു ആഘോഷമായി കാണുന്നത്.
അതുകൊണ്ട് തന്നെ നമുക്ക് കുറച്ച് ഓണകളിക്കൾ കാണാം....



വള്ളം കളി (Boat Race)



വടംവലി (Tug of War)



തിരുവാതിര (Thiruvathira)

**---ആദിത്യാ അംബ്രുദ് ജൂഡ്**

എത്രയും ആണ് ഓണത്തെ പറ്റിയയുള്ള നമ്മുടെ ഒരു ചെറിയ വിവരണം...

നന്ദി.



# പ്രകൃതി

ഭ്രമിയിൽ ദാനമാം നീ
ചെറുകാറ്റുമായി വന്നെന്റെ നെഞ്ചിൽ
കോരിയേകുന്ന കുളിരുമായി വന്നു
മാരിവില്ലുനാം ചേലോത്ത നിന്നെ.
പച്ചയുടുപ്പണിഞ്ഞവളെ
നീലമുടിയിട്ടുലച്ചു
ശോഭയാം പൂവും വിതറി
ഇലകൾ കൊഴിച്ചും കളിച്ചും
സുന്ദരിയാം നിന്നെ കണിക്കണ്ടുണരാം ഞാൻ
സൂര്യനും പൂർണ്ണചന്ദ്രനും നീയെ
എന്തൊരു ഭംഗി നിനക്ക്....

*--നവമി. എസ്*

# The King With One Leg and One Eye



Once apon a time there was a king with only one leg and one eye but was generous and competent as a ruler. One day while walking in his palace, the king noticed the portraits of his ancestors along the hallway. He also wanted his portrait painted by an artist but was unsure how it would turn out due to his physical abnormalities. The King invited all the painters across the kingdoms and asked who could paint a beautiful picture of him. The painters were confused about how to make a beautiful picture of the King with only one leg and one eye.

All the painters politely refused to make a painting of the King. Then one young painter came forward and ensured to make a beautiful portrait of the King. After a few days, the young painter unveiled the portrait in the court in which the King was seen sitting on the horse with one leg visible, holding his bow and aiming the arrow with one eye closed. There was no sign of physical deficiencies in the king in the painting. The King was pleased to see that the painter had creatively presented the King's positive characteristics but not highlighted the abnormalities.

-----അഫലിൽ. എ

# PLASTIC Good or bad?



Plastic pollution is becoming more of a global problem. Governments, foundations, and some social media organizations are all attempting to raise awareness about this issue. Plastic goods are commonly used in industry because they are more effective and less costly than other materials.

Plastic, on the other hand, triggers a slew of environmental issues. Plastic pollution has several negative effects on our climate, but the three most important are ocean pollution, land pollution, and food pollution.

Plastic pollution is wreaking havoc on the oceans, and it's getting worse every year. Some governments are imposing strict regulations to discourage the use of plastic goods so that people are aware of the effect of plastic waste on the environment. As a result, action must be taken to address this issue before it is too late.

Plastics come in a variety of shapes and sizes, and they are commonly used in our everyday lives. Today, it's difficult to find a substance that isn't made of plastic. Thermosets, also known as thermoplastics, are used in several products.

The following are a few examples of plastic objects that people typically use in their daily lives:

- PET fabric and polyester condensers.
- LCDs.
- Plastic tapes–fabrics, garments, curtains, carpets, conveyors, mouldings, tarpaulins, etc. Polyethylene terephthalate (PET)–used in water bottles, tubes, detergent bottles, food trays in microwaves.
- PET fabric and polyester condensers, LCDs, and plastic tapes–fabrics, clothes, curtains, carpets, conveyors, mouldings have frequently broken FAQor or wall corsets made of polyvinyl chloride, automobile instrument boards, electrical

sheaths, games, syringes, cloth covers, window frames, and other high-density polyethene building materials Plastic bags, trash bags, prescription bottles, empty food containers, bottles, and milk bottle liners are all examples of items that can be recycled.

While it might seem that addressing chemical waste issues is as simple as recycling or washing empty bottles, the reality is that polluting plastic can vary in size from large to small.

Even if you don't want it on those products, plastic is all around us. Milk boxes are stuffed with cardboard, water bottles are strewn around, and some items can also contain small plastic pieces. Chemical pollutants are more likely to enter the environment and cause harm each time one of these items is discarded or swept away.

Plastic is one of the many widely available but overused items in today's world due to its low cost. When burned in the open, this does not decompose quickly and pollutes the underlying soil or groundwater.

Commercial fisheries are an unavoidable requirement in many parts of the world, but many people consume fish daily. Nonetheless, this industry has culminated in a variety of solutions to the problem of plastic pollution in the oceans. Plastic is often used in the nets used by certain large-scale troll operations. Second, they spend a lot of time submerged in water, where they can freely release contaminants, but they are frequently dissolved or killed, leaving them to live wherever they land. It not only destroys and threatens native animals, but it also allows chemicals to swim away and contaminate nearby fish.

The majority of the items are made of plastic, but most of the materials are not biodegradable, making disposal difficult. There were no natural methods in place to recycle non-biodegradable plastics. It cannot be recycled or left to starve in the manner in which traditional waste is discarded or spilt.

Also, reuse does not reduce steel use because it recycles existing plastics in a new shape. In a variety of ways, the method of paper recycling can result in the release of plastic allergens.

Sabiya J S

# My Flowers

They are the kind
In my mind
When I am in my workplace
They make smile in my face
When I taste My Birthday
cream
They make me like I am in a
Dream
When others call me creature
They realise Me I am the daughter of nature
Nature is my Lover
They are the flowers of my life



----*Afnan. S*

# മണ്ണപ്പം

കണ്ണൻ ചിരട്ടയിൽ
മണ്ണ് നിറച്ചുനാം
ചുട്ടുകൂട്ടിയ മണ്ണപ്പങ്ങൾ
ഒരു നേർത്ത തട്ടിനാൽ
തകരുമെന്നരികിലും
പ്രിയമോടെ ചുട്ടൊരാ മണ്ണപ്പങ്ങൾ
നെയ്തുകൂട്ടവേ കാലത്തിൻ തട്ടേറ്റു
തകർന്നുവീഴും മോഹങ്ങൾ പോലെ
പൊടിഞ്ഞുപോകുമീ മണ്ണപ്പങ്ങൾ

# ആർദ്രം

ഞാൻ നിന്റെ കൈകളിൽ കൈകോർത്തു
മെല്ലെയാപാഠാലയത്തിൻ പടികൾകേറും
പിച്ചകവള്ളികൾ മുറ്റിവളർന്നോരാപ്പന്തൽ
വിരിക്കുന്ന വാകച്ചോട്ടിൽ
നനയാതെ മഴയിലും പൂക്കൾ പെറുക്കി
നാം എത്രയന്നാടിക്കളിച്ചിരുന്നു.
നീയില്ലാ നേരമെന്നുള്ളകമെന്തെന്നറിയീല
മിഴികൾ വെറുതെ നനഞ്ഞു പോയി

# കാർമേഘം

മനം പോലെ മാനവും
ഇരുളുന്നു വീണ്ടും..
പെയ്തൊഴീയൊഴിയുന്നില്ലീ
ഒരുതുള്ളിപ്പോലും...
ഘനമേറെയാണതാന്നും..
ആർത്തലച്ചു പെയ്യണം
ലഘുവായ വീണ്ടും-
വാനിലേക്കുണർന്നുയരാൻ
ഈ ചക്രമിതുപോൽ തുടരുവാൻ

# ഓർമ്മവിദ്യാലയം

പ്രിയവിദ്യാലയമുറ്റത്തിന്നരികിലെത്തവേ
ഹൃദയത്തിൽ സന്തോഷത്താലാവേശം മാത്രം
പ്രിയടീച്ചർ പ്രിയമോടെ സ്നേഹത്തിലായി
എൻനാമം ചൊല്ലുമ്പോൾ സ്വർലോകചിന്ത
പ്രിയകുട്ടർ നൽകുന്ന സ്നേഹത്തിൻ മുന്നിൽ
പഠനത്തിൻ വിലയെന്തെന്നറിയുന്നു ഞാനും

ഒരു നേരം, പൊതിച്ചോറ് നൽകുന്ന നേരം
സഹജീവി സ്നേഹത്തെ ഉള്ളിലായെന്നും
ഹൃദയത്തിൽ അറവിൻ പാഠങ്ങളായി
ഗുരുവിന്റെ വചനങ്ങൾ അറിയുന്നുവെന്നും
വിഷയങ്ങൾ വിഷമത്തെമാറ്റുമ്പോഴായി
വിജ്ഞാനക്കുന്നുകൾ കയറുന്നുഞാനും
ഒരു കോടി ആനന്ദം ഹൃദയത്തിലെന്നും
വിദ്യതൻ പടികൾ കയറുന്നേരം

സനമോൾ 9B

# എന്റെ കേരളം

പാടും പുഴകളും തോടും
മോടി കൂടും മലരണിക്കാടും
നീളേ കളകളും പാടും
കാട്ടു ചോലയുമാമണിമേടും
വെള്ളിയരഞ്ഞാണം പോലെ
ചുറ്റും തുള്ളിക്കളിക്കും കടലും
കായലും നീലമലയും
നീളേ കോരിത്തരിക്കും വയലും
പീലിനിവർത്തിനിന്നാടും
കൊച്ചു കേരമരതക്കത്തോപ്പും
നീളേ കുളിരൊളി തിങ്ങീ
എന്റെ കേരളമെന്തൊരു ഭംഗീ

# THE CANDLE



It all happened...
Just like my nightmare
Which I had last night.
To melt down;
To be completely worn out
After my purpose.
But, making atleast for a minute
Make them forget their mysery
Just taking a glance to
My glowing crown.
By touching their heart
With my light....




Nileena.A

X.B

# जुगनु नाना

जुगुना नाना . जुगुना नाना
तू तारों जैसा है ना ।
जब सूरज जाता, तब तू आता
पने, छोटे- छोटे किरणों से
धरती पर दीप जलाते
जुगुनु नाना, जुगुनु नाना
तू तारों जैसा है न ।



By : Azmil Al Khaise

8B

G H S S VAKKOM

E$ditorial board
Editord









G H S S VAKKOM